"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജ് – അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ അധിക ചുമതല വിവിധ ഘട്ടങ്ങളിലായി സീനിയർ സൂപ്രണ്ടുമാർക്ക് നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.680/2026/HEDN തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05-01-2026 തീയതിയിലെ ED1/3951/2024/DTE നമ്പർ നടപടിക്രമം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 22-01-2026 തീയതിയിലെ ED1/3951/2025/DTE നമ്പർ നടപടിക്രമം.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 01-04-2026 തീയതിയിലെ ED1/3951/2025/DTE നമ്പർ നടപടിക്രമം.
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 22-05-2026 തീയതിയിലെ DTETVM/3951/2025-ED1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ അക്കൗണ്ട്സ് ഓഫീസർ ആയിരുന്ന ശ്രീമതി മിനി എസ്. 31.12.2025 അപരാഹ്നത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് പ്രസ്തുത അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല, കോളേജിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. അബ്ദുൾ ബഷീർ പി. -ക്ക് നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശ്രീ. അബ്ദുൾ ബഷീർ പി. സ്ഥലം മാറ്റം മുഖേന വിടുതൽ ചെയ്ത സാഹചര്യത്തിൽ, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല കോളേജിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. വിശാഖ് വി. എം.-ന് 08.01.2026 പൂർവാഹ്നം മുതൽ പ്രാബല്യത്തിൽ നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. പിന്നീട് ശ്രീ. വിശാഖ് വി. എം.-നും സ്ഥലം മാറ്റം ലഭിച്ചതിനെത്തുടർന്ന് വിടുതൽ ചെയ്യപ്പെട്ടതിനാൽ, നിലവിൽ ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ സീനിയർ സൂപ്രണ്ട് ആയി ജോലി നോക്കുന്ന ശ്രീ. സഞ്ജുരാജ് ആർ. -ന് അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ അധിക ചുമതല നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി.

**2.** മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ

അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് മൂലം സ്ഥാപനത്തിലെ സാമ്പത്തിക-ഭരണപരമായ കാര്യങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനായി, സീനിയർ സൂപ്രണ്ടുമാരായ ശ്രീ. അബ്ദുൾ ബഷീർ പി., ശ്രീ. വിശാഖ് വി. എം., ശ്രീ. സഞ്ജുരാജ് ആർ. എന്നിവർക്ക് അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിവിധ ഘട്ടങ്ങളിലായി പുറപ്പെടുവിച്ച നടപടിക്രമങ്ങൾ സാധൂകരിച്ച് നൽകണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് മൂലം സ്ഥാപനത്തിലെ സാമ്പത്തിക-ഭരണപരമായ കാര്യങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനായി, സീനിയർ സൂപ്രണ്ടുമാരായ ശ്രീ. അബ്ദുൾ ബഷീർ പി., ശ്രീ. വിശാഖ് വി. എം., ശ്രീ. സഞ്ജുരാജ് ആർ. എന്നിവർക്ക് അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം 1,2,3 ലെ നടപടിക്രമങ്ങൾ കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 53 (ബി) പ്രകാരം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിൽ കുമാർ എസ്

ജോയിന്റ് സെക്രട്ടറി

പകർപ്പ് :

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

**www.highereducation.kerala.gov.in.**

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G2/178/2026-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 12-06-2026 15:49:26

സെക്ഷൻ ഓഫീസർ